## കേരള സർക്കാർ

സംഗ്രഹം

മരിയാപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **821/2018/ധന.** തിരുവനന്തപുരം, തീയതി **02.02.2018**

---

പരാമർശം - മരിയാപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.01.2018 ലെ എ 3-1970/17 നമ്പരായുള്ള കത്ത്.

**<u>ഉത്തരവ്</u>**

ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതങ്ങൾ നിക്ഷേപിക്കുന്നതിനായി മരിയാപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകണം എന്ന് മരിയാപുരം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി, മരിയാപുരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി സബ് ട്രഷറിയിൽ ഒരു പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, മരിയാപുരം പി.ഒ., ഇടുക്കി - 685 602
നോഡൽ ഓഫീസർ, <u>www.finance.kerala.gov.in</u>
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ